(സി) എത്രപേർക്കെതിരെ നടപടി എടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 20 മൈക്രോണിൽ താഴെ കനമുള്ള തനതായതും പുനരുപയോഗം ചെയ്തതുമായ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. പുനഃരുപയോഗം ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് സഞ്ചികളിലും പാത്രങ്ങളിലും ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്.

(ബി) നിരോധനം ലംഘിക്കുന്ന നിർമ്മാണശാലകൾ കണ്ടു പിടിച്ച് നിർമ്മാണം നിർത്തിവയ്ക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരോധനപ്രകാരമുള്ള വില്പനയും ഉപയോഗവും തടയുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധനം ലംഘിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പുനഃരുപയോഗ പ്ലാസ്റ്റിക് നിർമ്മാണവും ഉപയോഗവും ചട്ടങ്ങൾ 1999 പ്രകാരം പ്ലാസ്റ്റിക് നിർമ്മാതാക്കൾ സ്വയം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ബാദ്ധ്യസ്ഥരാണ്.

(സി) വിവിധ കടകളിൽ പരിശോധന നടത്തിയ 9 കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാൽ ഉൽപ്പാദനച്ചെലവ്

14 (*162) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ ഉൽപ്പാദനച്ചെലവ് കുറയ്ക്കുവാൻ എന്തെങ്കിലും പുത്തൻ സാങ്കേതികവിദ്യ ഡയറി ഡെലവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സാങ്കേതിക വിദ്യകളെപ്പറ്റി ക്ഷീരകർഷകരെ ബോധവാൻമാരാക്കിയിട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം അക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുമോ ;

(ഡി) ഈ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുമൂലം പാലിന്റെ ഉൽപ്പാദനത്തിൽ എന്ത് വർദ്ധനവുണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയ്ക്ക് യോജിച്ച തരത്തിൽ 'മൊബൈൽ കറവയന്ത്രം' രൂപകല്പന ചെയ്ത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദ്ദേശം അഞ്ച് ശതമാനം.

പി. എസ്. സി. ഉത്തരക്കടലാസിൽ ജാതിയും മതവും എഴുതണമെന്ന വ്യവസ്ഥ

15 (*163) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ ഉത്തരക്കടലാസിൽ അവരുടെ ജാതിയും മതവും എഴുതണമെന്നകാര്യം നിർബന്ധമായിട്ടുണ്ടോ ;

(ബി) ഉദ്യോഗത്തിന് അപേക്ഷ നൽകുമ്പോൾ അതിൽ ജാതിയും മതവും എഴുതുന്നതിനു പുറമെ ഉത്തരക്കടലാസിൽ ഇവ രേഖപ്പെടുത്തുന്നതിന്റെ ആവശ്യം എന്താണ് ;

(സി) ജാതിയും മതവും ഉത്തരക്കടലാസിൽ നിന്നും മനസ്സിലാക്കിയാൽ മൂല്യനിർണ്ണയം നടത്തുന്നവർക്ക് ചിലരെ വഴിവിട്ടു സഹായിക്കാനും മറ്റുള്ളവരെ ദ്രോഹിക്കാനും അവസരമുണ്ടാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഡി) മൂല്യനിർണ്ണയത്തിൽ നിഷ്പക്ഷത നഷ്ടപ്പെട്ടാൽ പതിനായിരക്കണക്കിന് പിന്നോക്ക ജാതിക്കാരെ അത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ജാതി, മതം എന്നിവ ഉത്തരക്കടലാസിൽ രേഖപ്പെടുത്തണമെന്ന പി. എസ്. സി യുടെ നിബന്ധന ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഒ. എം. ആർ. സംവിധാനത്തിലൂടെ മൂല്യനിർണ്ണയം നടത്തുന്ന പരീക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം ഒരു നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉത്തരക്കടലാസിൽ ജാതിയും മതവും രേഖപ്പെടുത്തുന്നതുകൊണ്ട് പി. എസ്. സി. യ്ക്ക് ഷോർട്ട് ലിസ്റ്റിൽ/റാങ്ക് ലിസ്റ്റ്, വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള സപ്ലിമെന്ററി ലിസ്റ്റ് എന്നിവ വളരെ വേഗത്തിൽ കാര്യക്ഷമമായും കുറ്റമറ്റതായും തയ്യാറാക്കാൻ സാധിക്കുന്നുണ്ട്.

(സി) ഒ.എം.ആർ ഉത്തരക്കടലാസിൽ നിന്നും ഉദ്യോഗാർത്ഥിയെ സംബന്ധിക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയ ഭാഗം മുറിച്ചു മാറ്റിയശേഷമാണ് മൂല്യനിർണ്ണയത്തിനു നൽകുന്നത്. അതിനാൽ മൂല്യനിർണ്ണയം നടത്തുന്ന ആളിന് ഉദ്യോഗാർത്ഥികളെ ദ്രോഹിക്കാനോ സഹായിക്കാനോ അവസരം ഉണ്ടാകുന്നില്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly